## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7213 — 11.07.2014 ൽ മറുപടിക്ക്

## സിവിൽസപ്ലൈസ് കോർപ്പറേഷനിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്നു വ്യക്തമാക്കുമോ ; | (എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ 34 ജീവനക്കാരുണ്ട് . |
| (ബി) ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഒരു സെക്ഷനിൽ തന്നെ തുടരെ മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന 7 ജീവനക്കാരുണ്ട്. |
| (സി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും ഒരാൾക്ക് എത്ര വർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ഭരണപരമായ കാര്യങ്ങളിൽ തടസ്സം വരാത്ത വിധത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾക്കനുസരണമായിട്ടല്ലാതെ ഒരേ സെക്ഷനിൽ തുടരുന്നതിനുള്ള അനുവാദം ഒരു ജീവനക്കാർക്കും നൽകിയിട്ടില്ല. ഒരു വർഷത്തിനകം ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞു വകുപ്പിലേയ്ക്കു റിവർഷനാകുന്ന ജീവനക്കാർക്കും, സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കും സ്ഥലം മാറ്റത്തിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകാറുണ്ട് . |
| (ഡി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡപ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽ നിന്നും നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട് |

Beena

സെക്ഷൻ ഓഫീസർ